**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5325** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഡി.സി.എം.ആർ.സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്കുള്ള ഓണറേറിയം കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡി.സി.എം.ആർ.സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകർക്ക് 2021-22 വർഷത്തെ ഓണറേറിയം കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ; | (എ) | 2021-22 അക്കാദമിക വർഷം 2021 ഡിസംബർ മുതലാണ് സാധാരണ നിലയിൽ സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചത്. 2021-22 വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 22 കോടി രൂപ ഉപയോഗിച്ച് 314 സ്കൂളുകളിലെ യോഗ്യരായ ജീവനക്കാർക്ക് ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത അദ്ധ്യാപകർക്ക് നൽകുന്ന ഓണറേറിയം എത്രയാണെന്ന് അറിയിക്കാമോ; ഇവരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണയിലുണ്ടോ; | (ബി) | 11/02/2021 -ലെ സ.ഉ.(പി)നം.29/2021/ധന ഉത്തരവ് പ്രകാരം ഹെഡ്മാസ്റ്റർക്ക് പ്രതിമാസം - 36,000/-രൂപയും, ട്രെയിൻഡ് സ്പെഷ്യൽ ടീച്ചർക്ക് പ്രതിമാസം 32,560/-രൂപയും നൽകി വരുന്നു. ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | കുട്ടികളുടെ എണ്ണം അനുസരിച്ച് സ്കൂളുകൾക്ക് ഗ്രേഡ് നൽകി അതിൻപ്രകാരം അദ്ധ്യാപകർക്ക് ഓണറേറിയം നൽകുവാൻ തയ്യാറാകുമോ? | (സി) | സ.ഉ.(കൈ)നം.133/2019/പൊ.വി.വ തീയതി 30.08.2019, സ.ഉ.(സാധാ) നം. 1449/2020/ പൊ.വി.വ. തീയതി 31/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കുട്ടികളുടെ എണ്ണം, യോഗ്യരായ ജീവനക്കാരുടെ എണ്ണം, സ്കൂളുകൾ നൽകുന്ന സർവ്വീസസ് എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് സ്കൂളുകൾക്ക് ഗ്രേഡ് അനുവദിച്ച് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ